**തദ്ദേശസ്വയംഭരണ വകുപ്പ്, പ്ലാനിംഗ്**
**ജില്ലാ നഗരാസൂത്രണ കാര്യാലയം, തിരുവനന്തപുരം**
**നഗരാസൂത്രകയുടെ നടപടിക്രമങ്ങൾ**

വിഷയം:- ജില്ലാ നഗരാസൂത്രണ കാര്യാലയം, തിരുവനന്തപുരം - തിരുവനന്തപുരം നഗരസഭയിൽ നേമം വില്ലേജിൽ ഇരുനില കോളേജ് കെട്ടിടം നിർമ്മിക്കുന്നതിന് ലേഔട്ട് അംഗീകാരം നൽകി ഉത്തരവാകുന്നു.

പരാമർശം 1)തിരുവനന്തപുരം നഗരസഭയുടെ 16.01.2021 ലെ NE1/BA/78/2020 നമ്പര് കത്ത്

2)ചീഫ് ടൗണ് പ്ലാനറുടെ 19.03.2021 ലെ TCPCTP/403/2021/D3 നമ്പര് കത്ത്

**ഉത്തരവ് നമ്പർ TCPTVM/145/2021-D തീയതി 25/03/2021**

തിരുവനന്തപുരം നഗരസഭയിൽ നേമം വില്ലേജിൽ സർവ്വേ നമ്പർ 98 / 1 , 98 / 3 , 98 / 5 എന്നിവയിൽ ഉൾപ്പെട്ട 10.3566 ഹെക്ടർ വിസ്തൃതിയുള്ള HHMSPB NSS college പ്ലോട്ടിൽ 10922 .996 ച.മി പ്ലിന്ത് ഏരിയയുള്ള നിലവിലുള്ള കെട്ടിടങ്ങൾക്കു പുറമെ 359 .79 ച.മി പ്ലിന്ത് ഏരിയയുള്ള ഇരുനില കോളേജ് ബിൽഡിങ് നിർമാണം ഉൾപ്പടെ ടോട്ടൽ 12282 .79 ച.മി. പ്ലിന്ത് ഏരിയയുള്ള educational building നു അനുമതിക്കായി ജനറൽ സെക്രട്ടറി , നായർ സർവീസ് സൊസൈറ്റി സമർപ്പിച്ച അപേക്ഷ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ചീഫ് ടൗൺ പ്ലാനറുടെ കൺകറൻസ് ഉത്തരവിലെ നിബന്ധനകൾക്കൊപ്പം താഴെ പറയുന്ന നിബന്ധനകൾക്ക് കൂടി വിധേയമായി ലേ ഔട്ട് അംഗീകാരം നൽകി ഉത്തരവാകുന്നു.

**നിബന്ധനകൾ**

1. ചീഫ് ടൗൺ പ്ലാനറുടെ 19/03/2021 ലെ കൺകറൻസ് ഉത്തരവ് നം . TCPCTP/403/2021/D3 ൽ ഉൾപ്പെടുത്തിയിട്ടുള്ള നിബന്ധനകൾ.
2. പ്രസ്തുത സ്ഥലത്തു നിർമ്മാണ നിയന്ത്രണങ്ങൾ ഒന്നും ഇല്ല എന്ന് സെക്രട്ടറി ഉറപ്പുവരുത്തിയിരിക്കണം.
3. നിർമ്മാണ സ്ഥലത്ത് നിലം, പുറമ്പോക്ക് എന്നിവ ഉൾപ്പെടുന്നില്ല എന്ന് സെക്രട്ടറി

ഉറപ്പ് വരുത്തേണ്ടതാണ്.

4. സ്വാഭാവിക ജല നിർഗമന മാർഗ്ഗങ്ങൾ അടഞ്ഞുപോകരുത്.

5. KMBR 2019 ചട്ടപ്രകാരം തുറസ്സായ സ്ഥലത്തിന്റെ 50% കുറയാതെയുള്ള ഭാഗം മഴവെള്ളം മണ്ണിലേക്കിറങ്ങാൻ പാകത്തിന് ക്രമീകരിക്കേണ്ടതാണ്.

6. പ്ലാനിൽ നൽകിയിട്ടുള്ള വിധം ചട്ടപ്രകാരമുള്ള പ്രായോഗികമായ പാർക്കിങ് പ്ലോട്ടിൽ ലഭ്യമാക്കിയിട്ടുണ്ടെന്നും പാർക്കിങ്ങിനായി മാറ്റി വച്ചിട്ടുള്ള സ്ഥലം മറ്റാവശ്യങ്ങൾക്കുപയോഗിക്കുന്നില്ല എന്നും ഉറപ്പാക്കേണ്ടതാണ്

7. നിർദ്ദിഷ്ട നിർമ്മാണം മൂലം പ്ലോട്ടിൽ നിലവിലുള്ള കെട്ടിടത്തിൻറെ / സമീപ പ്ലോട്ടിലുള്ള കെട്ടിടത്തിൻറെ സുരക്ഷയെ ബാധിക്കരുത്.

8. KMBR 2019 ചട്ടപ്രകാരം നിർദ്ദിഷ്ട യൂണിറ്റിനു ചുറ്റും അനുയോജ്യമായ മരങ്ങൾ നടേണ്ടതാണ്.

9. KMBR – 2019 ചട്ടം 42 പ്രകാരമുള്ള PH toilet ന്റെ അളവുകൾ ചട്ട പ്രകാരം പാലിക്കുന്നുണ്ടെന്നും main entrance ramp, PH parking എന്നിവ ലഭ്യമാക്കിയിട്ടുണ്ടെന്നും ഉറപ്പ് വരുത്തേണ്ടതാണ്.

10. KMBR – 2019 ചട്ടം 28 ലെ എല്ലാ ഉപചട്ടങ്ങളും പാലിച്ചുകൊണ്ട് പ്ലോട്ടിലേക്കും നിലവിലുള്ള മറ്റ കെട്ടിടങ്ങളിലേക്കുമുള്ള access width എല്ലാ ഭാഗത്തും ലഭ്യമാക്കിയിട്ടുണ്ടെന്നു ഉറപ്പാക്കേണ്ടതാണ് .

11. പ്ലോട്ടിനകത്തുള്ള internal road ന്റെ ഉടമസ്ഥതയുടെ ആധികാരികത നഗരസഭ പരിശോധിച്ചു ഉറപ്പാക്കിയിരിക്കണം

12. KMBR 2019 ചട്ടം 79 പ്രകാരമുള്ള waste management system നൽകിയിട്ടുണെന്നു സെക്രട്ടറി ഉറപ്പ് വരുത്തേണ്ടതാണ്.

13. KMBR 2019 ചട്ടം 29 പ്രകാരമുള്ള പാർക്കിംഗ് ലഭ്യമാക്കിയിട്ടുണെന്നു ഉറപ്പ് വരുത്തേണ്ടതാണ്.

14. S E I A A യുടെ NOC ലഭ്യമാക്കിയിട്ടുണെന്നു സെക്രട്ടറി ഉറപ്പ് വരുത്തേണ്ടതാണ്.

ഈ ഉത്തരവ് നിർമ്മാണ പ്രവർത്തികൾ ആരംഭിക്കുന്നതിനുള്ള അനുമതി അല്ല. കെട്ടിട നിർമ്മാണ ചട്ടങ്ങൾക്കനുസൃതമായ നിർമ്മാണനുമതി അതത് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ നിന്നും ലഭിച്ചതിനു ശേഷം മാത്രമേ നിർമ്മാണം ആരംഭിക്കുവാൻ പാടുള്ളു.

**14 /2021 നമ്പരായുള്ള അംഗീകരിച്ച ലേഔട്ട് പ്ലാനുകൾ (ഒരു സെറ്റ്) ഇതോടൊപ്പം അയയ്ക്കുന്നു.**

Signature Not Verified
Digitally signed by Jayasree V K
Date: 2021.03.25 11:47:36 IST
Reason: Approved

**JAYASREE.V.K**
**TOWN PLANNER**

ഉള്ളടക്കം: മേൽപ്രസ്താവിതം

സെക്രട്ടറി
തിരുവനന്തപുരം നഗരസഭ

പകർപ്പ്: (അറിവിലേയ്ക്കായി)

1)General Secretary
N S S,Perunna,
Changanassery

2) PRINCIPAL
HHMSPB NSS COLLEGE
NEMOM, THIRUVANANTHAPURAM

3) കരുതൽ ഫയൽ